3. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധന സഹായം - 2012-13 മുതൽ (സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി).

4. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം - 2013-14 മുതൽ 4 (പിന്നാക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിനും മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സ് പ്രവേശന പരീക്ഷാ പരിശീലനത്തിനും ധനസഹായം നൽകുന്ന പദ്ധതി).

ഒ.ബി.സി. പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് (100% CSS)- ഒ.ബി.സി. പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് (100% CSS) പദ്ധതി പ്രകാരം കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട രക്ഷകർത്താക്കളുടെ മക്കൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 2011-12 മുതൽ ഹയർ സെക്കണ്ടറി വിഭാഗത്തിന് നടപ്പിലാക്കുകയും 2013-14 മുതൽ Group A,B,C വിഭാഗത്തിലെ കോഴ്സുകൾക്ക് കൂടി ഈ പദ്ധതി ബാധകമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ചെലവ് കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽ അധികരിക്കരുതെന്നും ഉത്തരവായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് അട്ടർ പഞ്ചായത്തിൽ നടപ്പിലാക്കിയ, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ചും വർഷം തിരിച്ചുള്ള പദ്ധതികളും ഗുണഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

സെക്യൂരിറ്റി രംഗത്തെ ഏജൻസികൾ

29 (4193) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്യൂരിറ്റി രംഗത്ത് കേരളത്തിൽ എത്ര അംഗീകൃത ഏജൻസികൾ ഉണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) സെക്യൂരിറ്റി രംഗത്തെ ഏജൻസികൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത രംഗത്ത് പ്രവൃത്തിയെടുക്കുന്നവർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഇവർക്ക് തിരിച്ചറിയൽ രേഖകളും പരിശീലനങ്ങളും നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അംഗീകൃത സെക്യൂരിറ്റി ഏജൻസികളുടെ 148 ശാഖകൾ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പ്രവർത്തിച്ചു വരുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു :

തിരുവനന്തപുരം	27
കൊല്ലം	11
പത്തനംതിട്ട	5
ആലപ്പുഴ	3
കോട്ടയം	3
ഇടുക്കി	4
എറണാകുളം	47
തൃശ്ശൂർ	14
പാലക്കാട്	8
മലപ്പുറം	6
കോഴിക്കോട്	11
വയനാട്	2
കണ്ണൂർ	6
കാസർഗോഡ്	1

(ബി) " പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്ട് - 2005, " കേരള പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് റൂൾസ്-2010" എന്നിവ അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് നിലവിൽ സെക്യൂരിറ്റി രംഗത്തെ ഏജൻസികൾക്ക് അംഗീകാരം നൽകിവരുന്നത്.

(സി) പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്ട്-2005 സെക്ഷൻ 10(1) (b) പ്രകാരം സെക്യൂരിറ്റി രംഗത്ത് പ്രവർത്തിയെടുക്കുന്നവർക്ക് പ്രായം 18-65 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതേ ആക്ട് സെക്ഷൻ 17(1) പ്രകാരം ഇവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് അതാത് ഏജൻസികൾ നൽകണമെന്നും കേരള പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് റൂൾസ് 2010 റൂൾ 16(4) പ്രകാരം ഡ്യൂട്ടി സമയത്ത് ഇത് നിർബന്ധമായും പുറത്ത് കാണത്തക്ക രീതിയിൽ ധരിച്ചിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കേരള പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് റൂൾസ് - 2010 5(1) അനുസരിച്ച് സെക്യൂരിറ്റി രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പരിശീലനം നൽകുന്നതിനു വേണ്ട നടപടികൾ കൺട്രോളിംഗ് അതോറിറ്റി തലത്തിൽ സ്വീകരിക്കാവുന്നതാണ്.

1023/2018